# മധുരമായ കുട്ടികളേ - ഏകാന്തതയിലിരുന്ന് പഠിക്കൂ എങ്കിൽ നല്ല രീതിയിൽ ധാരണ ഉണ്ടാകും, അതിരാവിലെ എഴുന്നേറ്റ് വിചാര സാഗര മഥനം ചെയ്യുന്നതിന്റെ ശീലം വെക്കൂ

**ചോദ്യം:-** സമ്പൂർണ്ണ വിജയമുണ്ടാകണമെങ്കിൽ ഏതൊരു ചിന്ത വരണം, ഏത് വരരുത്?
**ഉത്തരം:-** സമ്പൂർണ്ണ വിജയിയാകുന്നതിന് വേണ്ടി സദാ ഇതേ ചിന്തയിലിരിക്കണം നമുക്ക് രാവും പകലും വളരെയധികം പ്രയത്നിച്ച് പഠിക്കണം. ബാപ്ദാദയുടെ ഹൃദയ സിംഹാസനത്തിലിരിക്കാൻ സാധിക്കുന്ന തരത്തിൽ തന്റെ അവസ്ഥ ഉയർന്നതാക്കണം. നിദ്രയെ ജയിക്കുന്നവരായി മാറണം. സന്തോഷത്തിലിരിക്കണം. ബാക്കി ഈ ചിന്ത ഒരിക്കലും വരരുത് ഡ്രാമയിൽ അഥവാ ഭാഗ്യത്തിൽ എന്തുണ്ടോ അത് ലഭിക്കും. ഈ ചിന്ത അലസരാക്കി മാറ്റുന്നു.

**ഗീതം:-** അങ്ങയെ നേടിയ ഞങ്ങൾ ലോകം തന്നെ നേടി......

**ഓം ശാന്തി.** കുട്ടികൾക്ക് ഗീതത്തിന്റെ അർത്ഥം മനസ്സിലായോ. പരിധിയില്ലാത്ത ബാബയിൽ നിന്ന് ഇപ്പോൾ നമുക്ക് പരിധിയില്ലാത്ത സമ്പത്ത് ലഭിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികൾ ബാബയിൽ നിന്ന് വീണ്ടും വിശ്വത്തിന്റെ സ്വരാജ്യത്തിന്റെ സമ്പത്ത് നേടികൊണ്ടിരിക്കുകയാണ്, വിശ്വത്തിന്റെ ഈ ചക്രവർത്തി പദവി നിങ്ങളിൽ നിന്ന് ആർക്കും തട്ടിയെടുക്കാൻ കഴിയുകയില്ല. നിങ്ങൾ മുഴുവൻ വിശ്വത്തിന്റെ അധികാരിയായി മാറുകയാണ്. അവിടെയാരും പരിധി വിട്ട് ഇരിക്കുകയില്ല. ഒരു ബാബയിൽ നിന്ന് നിങ്ങൾ ഒരു രാജധാനി തന്നെയാണ് നേടുന്നത്. അവിടെ ഒരേയൊരു മഹാരാജാവും മഹാറാണിയുമാണ് രാജ്യം ഭരിക്കുന്നത്. ഒരു ബാബ പിന്നീട് ഒരു രാജധാനി, അവിടെ ഒരു ഭാഗം വെക്കലുമില്ല. നിങ്ങൾക്കറിയാം ഭാരതത്തിൽ ഒരേയൊരു മഹാരാജാവും മഹാറാണിയുമായ ലക്ഷ്മീ നാരായണന്റെ രാജധാനിയായിരുന്നു, മുഴുവൻ വിശ്വത്തിലും രാജ്യം ഭരിച്ചിരുന്നു. അതിനെ അദ്വൈത രാജധാനിയെന്ന് പറയുന്നു, ഏതാണോ നിങ്ങൾ കുട്ടികളിലൂടെ ഒരേയൊരാൾ സ്ഥാപിച്ചത്. പിന്നീട് നിങ്ങൾ കുട്ടികൾ തന്നെ വിശ്വത്തിന്റെ രാജ്യഭാഗ്യം അനുഭവിക്കും. നിങ്ങൾക്കറിയാം ഓരോ 5000 വർഷങ്ങൾക്ക് ശേഷവും നമ്മൾ ഈ രാജ്യഭാഗ്യം നേടുന്നു. പിന്നീട് പകുതി കല്പം പൂർത്തിയാകുമ്പോൾ നമ്മൾ ഈ രാജ്യഭാഗ്യം നഷ്ടപ്പെടുത്തുന്നു. പിന്നീട് ബാബ വന്ന് രാജ്യഭാഗ്യം പ്രാപ്തമാക്കി തരുന്നു. ഇത് ജയ പരാജയത്തിന്റെ കളിയാണ്. മായയോട് തോൽക്കുന്നു, പിന്നീട് ശ്രീമതത്തിലൂടെ നിങ്ങൾ രാവണന് മേൽ വിജയം നേടുന്നു. നിങ്ങളിലും ചിലർ അനന്യ നിശ്ചയ ബുദ്ധിയാണ്, ആരാണോ സദാ സന്തോഷത്തിലിരിക്കുന്നത് നമ്മൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നു എന്ന്. ക്രിസ്ത്യൻസ് എത്ര തന്നെ ശക്തിശാലിയാണെങ്കിലും വിശ്വത്തിന്റെ അധികാരിയാവുക - ഇത് സാധ്യമല്ല. തുണ്ടു-തുണ്ടുകളിൽ രാജ്യമാണ്. ആദ്യമാദ്യം ഒരു ഭാരതം മാത്രമായിരുന്നു വിശ്വത്തിന്റെ അധികാരി. ദേവീ ദേവതകളുടെതല്ലാതെ വേറെ ഒരു ധർമ്മവുമുണ്ടായിരുന്നില്ല. അങ്ങനെയുള്ള വിശ്വത്തിന്റെ അധികാരിയാക്കുന്നത് തീർച്ചയായും വിശ്വത്തിന്റെ രചയിതാവ് തന്നെയാണ്. നോക്കൂ, ബാബ എങ്ങനെയാണിരുന്ന് മനസ്സിലാക്കി തരുന്നത്. നിങ്ങൾക്കും മനസ്സിലാക്കി കൊടുക്കാൻ കഴിയണം. ഭാരതവാസി തീർച്ചയായും വിശ്വത്തിന്റെ അധികാരിയായിരുന്നു. വിശ്വത്തിന്റെ രചയിതാവിൽ നിന്ന് തന്നെയാണ് സമ്പത്ത് ലഭിച്ചിട്ടുണ്ടാവുക. പിന്നീട് എപ്പോഴാണോ രാജ്യഭാഗ്യം നഷ്ടപ്പെടുത്തുന്നത്, ദുഃഖിയാവുന്നത് അപ്പോൾ ബാബയെ ഓർമ്മിക്കുന്നു. ഭക്തിമാർഗ്ഗം തന്നെയാണ് ഭഗവാനെ ഓർമ്മിക്കുന്നതിന്റെ മാർഗ്ഗം. എത്ര തരത്തിലാണ് ഭക്തി ദാന-പുണ്യം, ജപ-തപം മുതലായവ ചെയ്യുന്നത്. ഈ പഠിപ്പിലൂടെ നിങ്ങൾക്ക് ഏത് രാജ്യഭാഗ്യമാണോ ലഭിക്കുന്നത് അത് പൂർത്തിയാകുന്നതിലൂടെ വീണ്ടും നിങ്ങൾ ഭക്തരായി മാറുന്നു. ലക്ഷ്മീ നാരായണനെ ഭഗവാൻ ഭഗവതിയെന്ന് പറയുന്നു എന്തു കൊണ്ടെന്നാൽ ഭഗവാനിൽ നിന്നാണല്ലോ രാജ്യഭാഗ്യം നേടിയത്! പക്ഷെ ബാബ പറയുന്നു അവരെയും നിങ്ങൾ ഭഗവാൻ ഭഗവതിയെന്ന് പറയാൻ കഴിയില്ല. ഇവർക്ക് ഈ രാജധാനി തീർച്ചയായും സ്വർഗ്ഗത്തിന്റെ രചയിതാവ് തന്നെയാണ് നൽകിയത് പക്ഷെ എങ്ങനെ നൽകി - ഇതാർക്കും അറിയുകയില്ല. നിങ്ങൾ എല്ലാവരും ബാബയുടെ അഥവാ ഭഗവാന്റെ കുട്ടികളാണ്. ബാബയിപ്പോൾ എല്ലാവർക്കുമൊന്നും രാജ്യഭാഗ്യം നൽകുന്നില്ല. ഇതും ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. ഭാരതവാസി തന്നെയാണ് വിശ്വത്തിന്റെ അധികാരിയായി മാറുന്നത്. ഇപ്പോഴാണെങ്കിൽ പ്രജയുടെ മേൽ പ്രജയുടെ രാജ്യമാണ്. സ്വയം സ്വയത്തെ പതിത ഭ്രഷ്ടാചാരിയെന്ന് അംഗീകരിക്കുന്നു. ഈ പതിത ലോകത്ത് നിന്ന് അക്കരെ കടക്കുന്നതിന് വേണ്ടി തോണിക്കാരനെ ഓർമ്മിക്കുന്നു വന്ന് ഈ വേശ്യാലയത്തിൽ നിന്ന് ശിവാലയത്തിലേക്ക് കൂട്ടികൊണ്ട് പോകൂ എന്ന്. ഒന്ന് നിരാകാരമായ ശിവാലയം, നിർവാണധാമം. രണ്ട് വീണ്ടും ഈ ഏത് രാജധാനിയാണോ

സ്ഥാപിക്കുന്നത്, അതിനെയും ശിവാലയമെന്ന് പറയുന്നു. മുഴുവൻ സൃഷ്ടിയും ശിവാലയമായി മാറുന്നു. അതിനാൽ ഇത് സാകാരീ ശിവാലയം സത്യയുഗത്തിൽ, അത് നിരാകാര ശിവാലയം, നിർവ്വാണധാമത്തിൽ. ഇത് നോട്ട് ചെയ്യൂ. മനസ്സിലാക്കി കൊടുക്കുന്നതിന് വേണ്ടി കുട്ടികൾക്ക് ഒരുപാട് പോയിന്റുകൾ ലഭിക്കുന്നു പിന്നീട് നല്ല രീതിയിൽ മനനവും ചെയ്യണം. കോളേജിലെ കുട്ടികൾ കുട്ടിക്കാലത്ത് അതിരാവിലെ എഴുന്നേറ്റ് പഠിക്കുന്നത് പോലെ. എന്തുകൊണ്ടാണ് അതിരാവിലെ ഇരിക്കുന്നത്? എന്തുകൊണ്ടെന്നാൽ ആത്മാവ് വിശ്രമിച്ച് റിഫ്രഷായി മാറുന്നു. ഏകാന്തതയിലിരുന്ന് പഠിക്കുന്നതിലൂടെ നല്ല രീതിയിൽ ധാരണ ഉണ്ടാവുന്നു. അതിരാവിലെ എഴുന്നേൽക്കാനുള്ള ശീലമുണ്ടാവണം. ചിലർ പറയുന്നു ഞങ്ങളുടെ ഡ്യൂട്ടി അങ്ങനെയാണ് അതിരാവിലെ പോകേണ്ടതുണ്ട്. ശരി വൈകുന്നേരമിരിക്കൂ. വൈകുന്നേരത്തെ സമയത്തും ദേവതകൾ ചുറ്റിക്കറങ്ങാറുണ്ടെന്നു പറയുന്നു. വിക്ടോറിയാ രാജ്ഞിയുടെ മന്ത്രി രാത്രിയിൽ പുറത്ത് വിളക്കിന്റെ താഴെ പോയി പഠിക്കുമായിരുന്നു. വളരെ നിർദ്ധനനായിരുന്നു. പഠിച്ച് മന്ത്രിയായി. മുഴുവൻ ആധാരവും പഠിപ്പിലാണ്. നിങ്ങളെ പഠിപ്പിക്കുന്നത് പരംപിതാ പരമാത്മാവാണ്. നിങ്ങളെ ഈ ബ്രഹ്മാവോ ശ്രീ കൃഷ്ണനോ പഠിപ്പിക്കുന്നില്ല. നിരാകാരനായ ജ്ഞാനത്തിന്റെ സാഗരൻ പഠിപ്പിക്കുന്നു. ബാബയിൽ മാത്രമാണ് രചനയുടെ ആദി മധ്യ അന്ത്യത്തിന്റെ ജ്ഞാനമുള്ളത്. സത്യ ത്രേതായുഗത്തിന്റെ ആദി പിന്നീട് ത്രേതായുഗത്തിന്റെ അവസാനം ദ്വാപരത്തിന്റെ ആദി അതിനെ മധ്യമെന്ന് പറയുന്നു. ഈ എല്ലാ കാര്യങ്ങളും ബാബ മനസ്സിലാക്കി തരുന്നു. ബ്രഹ്മാവ് തന്നെ വിഷ്ണുവായി മാറി 84 ജന്മങ്ങളെടുക്കുന്നു, വീണ്ടും ബ്രഹ്മാവായി മാറുന്നു. ബ്രഹ്മാവ് 84 ജന്മമെടുത്താലും ലക്ഷ്മീ നാരായണൻ 84 ജന്മമെടുത്താലും കാര്യം ഒന്ന് തന്നെയാണ്. ഈ സമയം നിങ്ങൾ ബ്രാഹ്മണ വംശാവലിയാണ് പിന്നീട് നിങ്ങൾ വിഷ്ണു വംശാവലിയായി മാറും. പിന്നീട് വീണ്-വീണ് നിങ്ങൾ ശൂദ്ര വംശാവലിയായി മാറും. ഈ എല്ലാ കാര്യങ്ങളും ബാബ തന്നെയാണിരുന്ന് മനസ്സിലാക്കി തരുന്നത്. നിങ്ങൾക്കറിയാം നമ്മൾ വന്നിരിക്കുകയാണ് പരിധിയില്ലാത്ത ബാബയിൽ നിന്ന് ശ്രീമതത്തിലൂടെ നടന്ന് വിശ്വത്തിന്റെ മഹാരാജാവും മഹാറാണിയുമായി മാറുന്നതിന് വേണ്ടി. പ്രജയും വിശ്വത്തിന്റെ അധികാരിയാണ്. ഈ പഠിപ്പിൽ വലിയ ധൈര്യം വേണം. എത്ര പഠിക്കുന്നോ പഠിപ്പിക്കുന്നോ അത്രയും ഉയർന്ന പദവി നേടും. ഇത് പരിധിയില്ലാത്ത പഠിപ്പാണ്, എല്ലാവർക്കും പഠിക്കണം. എല്ലാവരും ഒരാളിൽ നിന്നാണ് പഠിക്കുന്നത്. പിന്നീട് ചിലർ നമ്പർവൈസായി നന്നായി ധാരണ ചെയ്യുന്നു, ചിലർക്ക് അല്പം പോലും ധാരണ ഉണ്ടാവുന്നില്ല. എല്ലാവരും നമ്പർവൈസാണ്. രാജാക്കന്മാരുടെ മുന്നിൽ ദാസ ദാസിമാരും വേണം. ദാസ ദാസിമാരാണെങ്കിലും കൊട്ടാരത്തിലാണ് വസിക്കുന്നത്. പ്രജയാണെങ്കിൽ പുറത്ത് വസിക്കുന്നു. അവിടെ വലിയ വലിയ കൊട്ടാര മുണ്ടാകുന്നു. വളരെയധികം ഭൂമിയുണ്ടാകും, മനുഷ്യർ കുറവാണ്. ധാന്യവും ധാരാളമുണ്ടാകും. എല്ലാ കാമനകളും പൂർണ്ണമാകുന്നു. പൈസക്ക് വേണ്ടി ഒരിക്കലും ദുഃഖിക്കുകയില്ല. പാരഡൈസ് എന്ന പേര് എത്ര ഉയർന്നതാണ്. ഒരാളുടെ ശ്രീമതത്തിലൂടെ നടക്കുന്നത് കൊണ്ട് നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നു. അവിടെ സത്യയുഗീ സൂര്യവംശീ ലക്ഷ്മീ നാരായണന്റെ രാജ്യമെന്ന് പറയും കുട്ടികൾ പിന്നീട് ഗദ്ദിയിലിരിക്കും. അവരുടെ മാലയുണ്ടാക്കുന്നു. 8 പേർ പദവിയോടുകൂടി പാസാകുന്നു. 9 രത്നങ്ങളുടെ മോതിരവും ധരിക്കുന്നു. നടുവിൽ ബാബ, ബാക്കി 8 രത്നങ്ങൾ, 9 രത്നങ്ങൾ അനേകർ ധരിക്കുന്നു. ഇത് ദേവതകളുടെ അടയാളമെന്ന് മനസ്സിലാക്കുന്നു. അർത്ഥമാണെങ്കിൽ മനസ്സിലാക്കുന്നില്ല ആ നവരത്നങ്ങൾ ആരായിരുന്നു? മാലയും 9 രത്നങ്ങളുടെ ഉണ്ടാക്കുന്നു. ക്രിസ്ത്യൻസ് കൈയ്യിൽ മാലയിടുന്നു. 8 രത്നവും മുകളിൽ പൂവും. ഇത് മുക്തി നേടിയവരുടെ മാലയാണ്. ബാക്കി ജീവൻ മുക്തി നേടിയവർ അഥവാ പ്രവൃത്തി മാർഗ്ഗത്തിലുള്ളവരായി. അതിൽ പിന്നെ പൂവിനോടൊപ്പം ജോടികളായ മുത്തും തീർച്ചയായും ഉണ്ടാകും. അർത്ഥവും മനസ്സിലാക്കി കൊടുക്കണം - ഒരുപക്ഷെ ആ പോപ്പും നമ്പർവൈസ് മാലയുണ്ടാക്കുന്നു. ഈ മാലയെക്കുറിച്ച് അവർക്ക് അറിയുക പോലുമില്ല. വാസ്തവത്തിൽ മാല ഇത് മാത്രമാണ്, ഏതാണോ എല്ലാവരും കറക്കുന്നത്. ശിവബാബയും പരിശ്രമം ചെയ്യുന്ന നിങ്ങൾ കുട്ടികളും. ഇപ്പോൾ നിങ്ങൾ ആർക്ക് വേണമെങ്കിലും മനസ്സിലാക്കി കൊടുത്തോളൂ മാല ആരുടെയാണ് ഉണ്ടാക്കപ്പെട്ടതെന്ന് അപ്പോൾ അവർ പെട്ടെന്ന് മനസ്സിലാക്കും. നിങ്ങളുടെ പ്രോജക്ടർ വിദേശത്ത് വരെയും എത്തും പിന്നീട് മനസ്സിലാക്കി കൊടുക്കുന്ന ജോടികളും വേണം. ഇവർ പ്രവൃത്തി മാർഗ്ഗത്തിലുള്ള വരാണെന്ന് മനസ്സിലാക്കും. ബാബയുടെ പരിചയം എല്ലാവർക്കും നൽകണം പിന്നെ സൃഷ്ടി ചക്രത്തെയും അറിയണം, ആരാണോ ചക്രത്തെ അറിയാത്തത് അവരെ എന്ത് പറയും!

സത്യയുഗത്തിൽ നിങ്ങൾ സർവ്വ ഗുണ സമ്പന്നരും, 16 കലാ സമ്പൂർണ്ണരുമായിരുന്നു... ഇപ്പോൾ വീണ്ടും ആവുകയാണ്. നിങ്ങൾ ഈ പഠിപ്പ് പഠിച്ച് ഇത്രയും ഉയർന്നവരായി മാറുകയാണ്. രാധയും കൃഷ്ണനും വേറെ വേറെ രാജധാനിയിലെതായിരുന്നു. സ്വയംവരത്തിന് ശേഷം ലക്ഷ്മീ നാരായണൻ എന്ന പേരായി. ലക്ഷ്മീ നാരായണന്റെ കുട്ടികാലത്തെ ഒരു ചിത്രവും കാണിക്കുന്നില്ല. സത്യയുഗത്തിൽ ആരുടെയും സ്ത്രീ അകാലത്തിൽ മരിക്കുന്നില്ല. എല്ലാവരും പൂർണ്ണമായ സമയത്ത് ശരീരം ഉപേക്ഷിക്കുന്നു. കരയേണ്ട

കാര്യവുമില്ല. പേര് തന്നെ പാരഡൈസ് എന്നാണ്. ഈ സമയം ഈ അമേരിക്ക, റഷ്യ മുതലായ ഏതെല്ലാമുണ്ടോ, എല്ലാത്തിലും മായയുടെ ഷോയാണ്. ഈ വിമാനം, മോട്ടോർ മുതലായ എല്ലാം ബാബ വരുമ്പോൾ തന്നെയാണ് വരുന്നത്. 100 വർഷത്തിലാണ് ഇതെല്ലാം ഉണ്ടായത്. ഇത് മൃഗ തൃഷ്ണക്ക് സമാനമായ രാജ്യമാണ്, ഇതിനെ മായയുടെ ഷോയെന്ന് പറയുന്നു. സയൻസിന്റെ ഷോയാണ് – അല്പകാലത്തേക്ക് വേണ്ടി. ഇതെല്ലാം ഇല്ലാതാകും. പിന്നീട് സ്വർഗ്ഗത്തിൽ ഉപയോഗത്തിൽ വരും. മായയുടെ ഷോയിലൂടെ സന്തോഷവും ആഘോഷിക്കും വിനാശവുമുണ്ടാകും. ഇപ്പോൾ നിങ്ങൾ ശ്രീമതത്തിലൂടെ രാജ്യഭാഗ്യം നേടികൊണ്ടിരിക്കുകയാണ്. ആ രാജ്യഭാഗ്യം നമ്മളിൽ നിന്ന് ആർക്കും തട്ടിയെടുക്കാൻ കഴിയുകയില്ല. അവിടെ ഒരു ഉപദ്രവവുമുണ്ടാവില്ല എന്തുകൊണ്ടെന്നാൽ അവിടെ മായ ഇല്ല. ബാബ മനസ്സിലാക്കി തരികയാണ് കുട്ടികളേ നല്ല രീതിയിൽ പഠിക്കൂ. പക്ഷെ ഒപ്പം ബാബക്ക് ഇതുമറിയാം കല്പം മുമ്പെന്ന പോലെ തന്നെയാണ് എല്ലാവർക്കും പഠിക്കേണ്ടത്. കല്പം മുമ്പ് ഏത് സീനാണോ നടന്നത്, അത് തന്നെയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. നരകത്തെ സ്വർഗ്ഗമാക്കുന്നതിന്റെ മംഗളകാരിയായ പാർട്ട് കല്പം മുമ്പെന്ന പോലെ തന്നെയാണ് നടന്നു കൊണ്ടിരിക്കുന്നത്. ബാക്കി ആരാണോ ഈ ധർമ്മത്തിലില്ലാത്തവർ, അവർക്ക് ഈ ജ്ഞാനം ബുദ്ധിയിൽ ഇരിക്കുകയില്ല. ബാബ ടീച്ചറാണെങ്കിൽ കുട്ടികൾക്കും ടീച്ചറായി മാറേണ്ടതുണ്ട്. വിദേശത്ത് വരെ ഇത് പഠിപ്പിക്കുന്നതിന് വേണ്ടി കുട്ടികൾ പോയിട്ടുണ്ട്. ഒപ്പം ബുദ്ധിശാലികളായ ദ്വിഭാഷികളും വേണം. പരിശ്രമം ചെയ്യണം.

നിങ്ങൾ ഈശ്വരീയ സന്താനങ്ങളുടെ പെരുമാറ്റം വളരെ ഉയർന്നതായിരിക്കണം. സത്യയുഗത്തിൽ ഉയർന്നതും കുലീനവുമായ പെരുമാറ്റമായിരിക്കും. ഇവിടെയാണെങ്കിൽ നിങ്ങളെ ആടിൽ നിന്ന് സിംഹം, കുരങ്ങനിൽ നിന്ന് ദേവതയാക്കി മാറ്റുകയാണ്. അതിനാൽ എല്ലാ കാര്യത്തിലും നിരഹങ്കാരിത വേണം. തന്റെ അഹങ്കാരത്തെ പൊട്ടിക്കണം. ഓർമ്മ വെക്കണം എപ്രകാരമുള്ള കർമ്മമാണോ നമ്മൾ ചെയ്യുന്നത് അത് കണ്ട് മറ്റുള്ളവരും ചെയ്യും. തന്റെ കൈകൊണ്ട് പാത്രം വൃത്തിയാക്കിയെങ്കിൽ എല്ലാവരും പറയും എത്ര നിരഹങ്കാരിയാണ്. എല്ലാം കൈകൊണ്ട് ചെയ്യുന്നുവെങ്കിൽ ഒന്ന് കൂടി കൂടുതൽ അംഗീകാരമുണ്ടാകും. എവിടെയങ്കിലും അഹങ്കാരം വരുന്നതിലൂടെ ഹൃദയത്തിൽ നിന്ന് ഇറങ്ങുന്നു. ഏതുവരെ ഉയർന്ന അവസ്ഥ ഉയർന്നതാകുന്നില്ലയോ അപ്പോൾ ഹൃദയത്തിലെങ്ങനെ കയറും പിന്നെ സിംഹാസനത്തിലെങ്ങനെ ഇരിക്കും! നമ്പർവൈസ് പദവിയായിരിക്കുമല്ലോ! ആരുടെയടുത്തെങ്കിലും കൂടുതൽ ധനമുണ്ടെങ്കിൽ അവർ ഒന്നാന്തരം കൊട്ടാരമുണ്ടാക്കുന്നു. പാവങ്ങൾ കുടിലുണ്ടാക്കും. ഇക്കാരണത്താൽ നല്ല രീതിയിൽ പഠിച്ച് പൂർണ്ണമായി വിജയിക്കണം, നല്ല പദവി നേടണം. എന്താണോ ഡ്രാമയിലുള്ളത് അഥവാ ഭാഗ്യത്തിലുള്ളത് എന്നാവരുത്. ഈ ചിന്ത വരുന്നതിലൂടെ തന്നെ തോറ്റ് പോകും. ഭാഗ്യത്തെ വർദ്ധിപ്പിക്കണം. രാവും പകലും നന്നായി പ്രയത്നിച്ച് പഠിക്കണം. നിദ്രയെ ജയിക്കുന്നവരായി മാറണം. രാത്രിയിൽ വിചാര സാഗര മഥനം ചെയ്യുന്നതിലൂടെ നിങ്ങൾക്ക് വളരെയധികം ലഹരിയുണ്ടാകും. ചിലർ ബാബയോട് പറയുന്നില്ല ബാബാ ഞങ്ങൾ ഇങ്ങനെ വിചാര സാഗര മഥനം ചെയ്യുന്നുവെന്ന്. അതിനാൽ എഴുന്നേൽക്കുന്നേയില്ലായെന്ന് ബാബ മനസ്സിലാക്കുന്നു. ഒരുപക്ഷെ വിചാര സാഗര മഥനം ചെയ്യുന്നതിന്റെ പാർട്ട് ഇദ്ദേഹത്തിന്റേത് (ബ്രഹ്മാബാബ) തന്നെയാണ്. നമ്പർവൺ കുട്ടിയാണല്ലോ ഇത്. ബാബ അനുഭവം പറയുന്നു, എഴുന്നേറ്റ് ഓർമ്മയിലിരിക്കൂ. ഇങ്ങനെ ഇങ്ങനെ ചിന്തിക്കുന്നു – ഈ സൃഷ്ടി ചക്രം എങ്ങനെ കറങ്ങുന്നു. ഉയർന്നതിലും ഉയർന്ന ബാബ പിന്നെ സൂക്ഷ്മവതനവാസി ബ്രഹ്മാ, വിഷ്ണു, ശങ്കർ. പിന്നെ ബ്രഹ്മാവാരാണ്! വിഷ്ണുവാരാണ്! ഇങ്ങനെയിങ്ങനെ വിചാര സാഗര മഥനം ചെയ്യണം. ശരി –

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഏത് കർമ്മം നമ്മൾ ചെയ്യുന്നോ, നമ്മളെ കണ്ട് മറ്റുള്ളവരും ചെയ്യും, അതിനാൽ ഓരോ കർമ്മത്തിലും ശ്രദ്ധ നൽകണം. വളരെ വളരെ വിനയചിത്തരും നിരഹങ്കാരിയുമാകണം. അഹങ്കാരത്തെ കളയണം.

2) തന്റെ ഭാഗ്യം ഉയർന്നതാക്കി മാറ്റുന്നതിന് വേണ്ടി നല്ല രീതിയിൽ പഠിപ്പ് പഠിക്കണം. അതിരാവിലെ എഴുന്നേറ്റ് ബാബയെ ഓർമ്മിക്കുന്നതിന്റെ ശീലം വെക്കണം.

**വരദാനം:- ത്രികാലദർശീ സ്ഥിതിയിലൂടെ ആശയക്കുഴപ്പത്തിന്റെ പരിസ്ഥിതികളെയും ആന്ദത്തിലേക്ക് പരിവർത്തനം ചെയ്യുന്ന കർമ്മയോഗിയായി ഭവിക്കൂ.**

ഏത് കുട്ടികളാണോ ത്രികാലദർശികളായിട്ടുള്ളത് അവർ ഒരിക്കലും ഒരുകാര്യത്തിലും സംശയിക്കില്ല എന്തുകൊണ്ടെന്നാൽ അവരുടെ മുന്നിൽ മൂന്ന് കാലങ്ങളും വ്യക്തമാണ്. എപ്പോൾ ലക്ഷ്യവും മാർഗ്ഗവും വ്യക്തമാണെങ്കിൽ ആരും സംശയിക്കുകയില്ല. ത്രികാലദർശീ ആത്മാക്കൾ ഒരിക്കലും ഒരു കാര്യത്തിലും ആനന്ദമല്ലാതെ മറ്റൊരനുഭവവും ചെയ്യില്ല. പരിസ്ഥിതി ഒരു പക്ഷേ ആശയക്കുഴപ്പമുണ്ടാക്കുന്നതാകാം എന്നാൽ ബ്രാഹ്മണാത്മാവ് അതിനെ ആനന്ദത്തിലേക്ക് പരിവർത്തനം ചെയ്യും എന്തുകൊണ്ടെന്നാൽ അളവറ്റ പ്രാവശ്യം ആ പാർട്ട് അഭിനയിച്ചിട്ടുണ്ട്. ഈ സ്മൃതി കർമ്മയോഗിയാക്കി മാറ്റും. അവർ ഓരോ കർമ്മവും ആനന്ദത്തോടെ ചെയ്യുന്നു.

**സ്ലോഗൻ:- സർവ്വരുടെയും ബഹുമാനം പ്രാപ്തമാക്കണമെങ്കിൽ ഓരോരുത്തർക്കും ബഹുമാനം നൽകൂ.**